# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.11401/19/EST-A/EST-C

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
30/04/2026

## സർക്കുലർ

വിഷയം:- ജീവനക്കാരുടെ ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് - മാസവിഹിതം ഈടാക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. 09/03/2026-ലെ മേൽ നമ്പർ സർക്കുലർ
2. 25/04/2026-ലെ ROC.3429/24/Est-4 നമ്പർ ബോർഡ് ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കായി ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ മാസവിഹിതമായ 670/- രൂപ ഏപ്രിൽ മാസത്തെ ശമ്പളം മുതൽ പിടുത്തം വരുത്തുവാൻ സൂചന (2) പ്രകാരം ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ടി തുക ഈടാക്കേണ്ടതാണ്.

1. നിലവിൽ ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസിൽ അംഗമായിട്ടില്ലാത്ത ജീവനക്കാർക്ക് ഇൻഷ്വറൻസ് ആരംഭിക്കുന്നതിന് **https://new-registration.tdb.securus.in/** എന്ന ലിങ്കിൽ ലോഗിൻ ചെയ്ത ശേഷം പോളിസിയിൽ അംഗമാകാവുന്നതാണ്.
2. തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കായി തുടങ്ങിയ ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയ്ക്ക് 2026 ഏപ്രിൽ 1 മുതൽ 2027 മാർച്ച് 31 വരെ കാലാവധിയുള്ളതാണ്.
3. ടി പരിരക്ഷ നിലനിൽക്കുന്ന കാലയളവിൽ ജീവനക്കാർ വിരമിക്കുന്ന പക്ഷം അവർ ആകെ ഒടുക്ക് വരുത്തേണ്ട 8040/- രൂപയിൽ പിടുത്തം കഴിച്ചുള്ള തുക അവരുടെ അവസാനമാസ ശമ്പളത്തിൽ നിന്നും ഈടാക്കേണ്ടതാണ്.
4. അവസാന മാസശമ്പളം വരെ കൈപ്പറ്റിയിട്ടുള്ള ജീവനക്കാരുടെ അവശേഷിക്കുന്ന വിഹിത തുക ബാദ്ധ്യതയായി കണക്കാക്കി ഡി.സി.ആർ.ജി-ൽ നിന്നും ഈടാക്കേണ്ടതാണ്.

പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിന് 10/05/2026 വൈകുന്നേരം 5.00 മണിയ്ക്കകം വിവരങ്ങൾ നൽകേണ്ടതാണ്. ആയതിന്മേൽ ഇനി യാതൊരു കാരണവശാലും കാലാവധി നീട്ടി നൽകുന്നതല്ല.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.30/04